REGIONAL AGRICULTURAL RESEARCH STATION
AMBALAVAYAL, WAYANAD - 673 593
KERALA AGRICULTURAL UNIVERSITY
Phone: 04936 260561 Mobile: 9188224421, E-mail: rarsamb@kau.in / adramb@kau.in

നമ്പർ.ഇ/5095/2024 തീയതി: 07.12.2024

## ടെൻഡർ നോട്ടീസ്

കേരള കാർഷിക സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ വച്ച് ജനുവരി 1 മുതൽ 15 വരെ നടത്തുന്ന **'പൂപ്പൊലി 2025'** ന്റെ ഭാഗമായി പൂപ്പൊലിഗാർഡൻ, പക്ഷിക്കൂടുകൾ, റസ്റ്റ് ഹൗസ്, ഓഫീസ് ബിൽഡിങ്ങുകൾ മുതലായവ പെയിന്റിംങ് ജോലികൾ ചെയ്തു തരുന്നതിന് പ്രസ്തുത ജോലിയിൽ വിദഗ്ദരായ തൊഴിലാളികൾ/ സ്ഥാപനങ്ങളിൽ നിന്നും മത്സരാടിസ്ഥാനത്തിൽ മുദ്രവെച്ച ടെൻഡറുകൾ ക്ഷണിച്ചു കൊള്ളുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

**പൂപ്പൊലി 2025 - പെയിന്റിംങ് ജോലികൾ ചെയ്തു തരുന്നതിനുള്ള ടെൻഡർ**

നിബന്ധനകൾ

1. പെയിന്റിംങ് ജോലിയിൽ വേണ്ടത്ര മുൻ പരിചയമുള്ളവരും, ഉയരത്തിൽ കയറി പെയിന്റ് ചെയ്യുന്നതിൽ പരിചയമുള്ളവരുമായിരിക്കണം
2. പെയിന്റുകൾ കൃത്യമായ അളവിൽ കൂട്ടിക്കലർത്തി ഉപയോഗിക്കുന്നതിൽ വൈദഗ്ദ്യം നേടിയവരായിരിക്കണം.
3. അശ്രദ്ധമായി ജോലി ചെയ്ത് ഉണ്ടാകുന്ന അപകടങ്ങൾക്ക് സ്ഥാപനം ഉത്തരവാദി ആയിരിക്കുന്നതല്ല.
4. സ്ക്വയർ ഫീറ്റ് നിരക്കാണ് ക്വട്ടേഷനിൽ കാണിക്കേണ്ടത്.
5. ഇരുമ്പുകൂടുകൾക്ക് പ്രത്യേകം നിരക്ക് കാണിക്കണം.
6. ടെൻഡർ സമർപ്പിക്കുന്ന വ്യക്തിയുടെ/സ്ഥാപനത്തിന്റെ തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് ടെൻഡറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.
7. **GST** നമ്പർ ടെൻഡറിൽ രേഖപ്പെടുത്തേണ്ടതാണ്.
8. ടെൻഡർ സംബന്ധമായ കൂടുതൽ വിവരങ്ങൾ 04936 260421 ഫോൺ നമ്പരിൽ നിന്നും അറിയാവുന്നതാണ്.
9. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ അനുസരിച്ച് സമയബന്ധിതമായി ജോലി ചെയ്ത് തീർക്കേണ്ടതാണ്.

**ടെൻഡർ സംബന്ധിച്ച മറ്റുവിവരങ്ങൾ**

| | |
|---|---|
| ടെൻഡർ കവറിനുപുറത്ത് എഴുതേണ്ടത് | : **പൂപ്പൊലി 2025 - പെയിന്റിംങ് ജോലികൾ ചെയ്തു തരുന്നതിനുള്ള ടെൻഡർ** |
| ലഭിക്കേണ്ട അവസാന തീയതി,സമയം | : 18.12.2024, 11 am. |
| ടെൻഡർ തുറക്കുന്ന തീയതി, സമയം | : 18.12.2024, 11.30 a.m. |
| ടെൻഡർ അയയ്ക്കേണ്ട വിലാസം | : അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, അമ്പവവയൽ,വയനാട്. 673593 |
| നിരതദ്രവ്യം | : 2000/- രൂപ (DD ആയോ പണമായോ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ് ) |
| ടെൻഡർ തുക | : 472/- രൂപ ( 400 + 18%% GST) (DD ആയോ പണമായോ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.) |
| ടെൻഡർ കാലാവധി | : 1 വർഷം (അംഗീകരിച്ച തീയതി മുതൽ) |

നിബന്ധനകൾ

1. കെ. എ.യു. വെബ്സൈറ്റിൽ (www.kau.in/tenders) നിന്നും എടുത്ത ടെൻഡർ ഫോമിൽ ടെൻഡറുകൾ സമർപ്പിച്ചിരിക്കണം. ടെൻഡർ അടങ്ങുന്ന സീൽ ചെയ്ത കവറിനു പുറത്ത് **'പൂപ്പൊലി 2025 – പെയിന്റിംഗ് ജോലികൾ ചെയ്തു തരുന്നതിനുള്ള ടെൻഡർ'** എന്ന് രേഖപ്പെടുത്തിയിരിക്കണം.
2. ടെൻഡറിനോടൊപ്പം, ടെൻഡർ കോസ്റ്റ് ,ജി.എസ്.ടി, നിരതദ്രവ്യം, എന്നിവയ്ക്ക് **'അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച് , പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, അമ്പലവയൽ'** എന്ന പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ കൊളഗപ്പാറ ശാഖയിൽ മാറാവുന്ന മൂന്ന് വ്യത്യസ്ത ഡിമാൻഡ് ഡ്രാഫ്റ്റുകൾ അടച്ച് ടെൻഡറിൽ പങ്കുകൊള്ളേണ്ടതാണ്. നിർദ്ദിഷ്ട സമയത്തിനുശേഷം ലഭിക്കുന്നതും അപൂർണവുമായ ടെൻഡറുകളും സ്വീകരിക്കുന്നതല്ല.
3. ടെൻഡർ മേൽസൂചിപ്പിച്ച വിലാസത്തിൽ നിശ്ചിത തീയതിയ്ക്കും, സമയത്തിനും മുൻപായി അയക്കേണ്ടതോ, നേരിട്ട് ഓഫീസിൽ എത്തിക്കേണ്ടതോ ആണ്.
4. ടെൻഡറിനോടൊപ്പം 200/-(ഇരുനൂറ് രൂപ മാത്രം) വിലയുള്ള കേരള സ്റ്റാമ്പ് പേപ്പറിൽ തയ്യാറാക്കിയ സമ്മതപത്രം ഉണ്ടായിരിക്കണം. ഇതിന്റെ മാതൃകയും മുകളിലെ വെബ് സൈറ്റിൽ നിന്ന് ഡൌൺലോഡ് ചെയ്യാവുന്നതാണ്.
5. ടെണ്ടർ സമർപ്പിക്കുന്ന വ്യക്തിയുടെ/സ്ഥാപനത്തിന്റെ തിരിച്ചറിയൽ രേഖയുടെ പകർപ്പ് ടെണ്ടറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.
6. നിശ്ചിത തീയതി/ സമയത്തിനു മുൻപായി കിട്ടിയ ടെൻഡറുകൾ അന്നേദിവസം **11.30 മണിക്ക്** തന്നെ ഹാജരുള്ള ദർഘാസുകാരുടെ സാന്നിധ്യത്തിൽ തുറക്കുന്നതും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ദർഘാസ് സ്വീകാര്യമാണെന്ന് തോന്നിയാൽ അംഗീകരിക്കുന്നതുമായിരിക്കും. ആവശ്യമെങ്കിൽ സന്നിഹിതരായവരുടെ സാന്നിധ്യത്തിൽ ലേലവും നടത്തുന്നതാണ്.
7. നിരതദ്രവ്യവും ടെൻഡർ ഫീസും, സമ്മതപത്രവും ഇല്ലാത്ത ടെൻഡറുകൾ സ്വീകരിക്കുന്നതല്ല.
8. ടെൻഡറിൽ വിജയിക്കുന്ന കരാറുകാരൻ 200/- രൂപ ( ഇരുനൂറ് രൂപ മാത്രം) വിലയുള്ള കേരള സ്റ്റാമ്പ് പേപ്പറിൽ സമ്മതപത്രം തയ്യാറാക്കി സ്ഥാപനമേധാവിയുമായി ഒരു അന്തിമ കരാറിൽ ഒപ്പ് വയ്ക്കേണ്ടതാണ്.
9. ഇപ്രകാരം ടെൻഡർ ഏറ്റെടുക്കുന്ന ആൾ 5000/- രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റ് ( ക്യാഷ്/ടേം ഡെപ്പോസിറ്റ്/ബാങ്ക് ഗ്യാരണ്ടി/ ഡിമാന്റ് ഡ്രാഫ്റ്റ്) അടക്കേണ്ടതാണ്.
10. വിജയിയായ ടെൻഡറുകാരൻ ഈ ഓഫീസിൽ നിന്നുമുള്ള വർക്ക് ഓർഡർ അനുസരിച്ച് സമയബന്ധിതമായി ജോലികൾ ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം നിരതദ്രവ്യം സർവ്വകലാശാലയ്ക്ക് മുതൽക്കൂട്ടാവുന്നതും തക്കതായ നടപടികൾ സ്വീകരിക്കുന്നതാണ്.
11. ടെൻഡറിൽ വിജയിക്കുന്ന കരാറുകാരൻ കൂടുതൽ തൊഴിലാളികളെ ഏർപ്പെടുത്തി നൽകുവാൻ ബാദ്ധ്യസ്ഥനാണ്.
12. ജോലിയ്ക്ക് നിയമിക്കപ്പെടുന്ന തൊഴിലാളികളുടെ നിയമപ്രകാരമുള്ള പരിരക്ഷ, അവകാശങ്ങൾ, മറ്റ് വ്യവസ്ഥകൾ മുതലായവ പാലിക്കാനുള്ള പൂർണ്ണ ഉത്തരവാദിത്തം കരാറുകാരന്റേത് മാത്രമായിരിക്കും. ജോലിയ്ക്കിടയിൽ ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്കും, അപകടങ്ങൾക്കും കരാറുകാരൻ മാത്രമായിരിക്കും ഉത്തരവാദി. ഈ സ്ഥാപനത്തിന് യാതൊരുവിധ ബാധ്യതയും മേൽപ്പറഞ്ഞ വിഷയത്തിൽ ഉണ്ടായിരിക്കുന്നതല്ല.
13. ടെൻഡറുകൾ സ്വീകരിക്കുന്നതിനോ, മാറ്റി വെയ്ക്കുന്നതിനോ കാരണം കാണിക്കാതെ നിരസിക്കുന്നതിനോ ഉള്ള പൂർണ്ണ അധികാരം കേന്ദ്രം മേധാവിയിൽ നിക്ഷിപ്തമാണ്.

14. നിലവിലുള്ള സർക്കാർ വ്യവസ്ഥകൾക്ക് അനുസരിച്ച് ആവശ്യമെങ്കിൽ ആദായനികുതി പിടിക്കുന്നതായിരിക്കും.
15. ടെൻഡർ ദിവസം ഏതെങ്കിലും കാരണവശാൽ അവധി ദിവസമാവുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം, അതേ സമയം ടെൻഡർ സ്വീകരിക്കുന്നതും തുറന്നു പരിശോധിക്കുന്നതും ആണ്.
16. സർക്കാർ ടെൻഡറുകൾക്ക് ബാധകമായ എല്ലാ നിയമങ്ങളും ചട്ടങ്ങളും ഈ ടെൻഡറിനും ബാധകമായിരിക്കും.
17. കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി സമയത്ത് ഈ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ് (ഫോൺ: 04936 260421/260561, മൊബൈൽ: 9188224421)

Administrative Officer
Regional Agricultural Research Station
Ambalavayal
Wayanad Dist. - 673 593

രാഗേഷ് പി.ആർ
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
അസ്സോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ചിനുവേണ്ടി

പകർപ്പ്: കെ.എ.യു വെബ് സൈറ്റ്

നോട്ടീസ് ബോർഡ് (ആർ.എ.ആർ.എസ്, ഫാം ഓഫീസ്, കെ.വി.കെ)
ഫാം സൂപ്രണ്ട്/ ഫാം ഇൻ ചാർജ്/ അമ്പലവയൽ വില്ലേജ് ഓഫീസ്/ അമ്പലവയൽ പഞ്ചായത്ത് ഓഫീസ് / അമ്പലവയൽ കൃഷി ഭവൻ
ശ്രീ. നജീബ് നടുത്തൊടി, അസിസ്റ്റന്റ് പ്രൊഫസർ